(ബി) പുതുക്കിയ പാഠ്യപദ്ധതിയും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തിയപ്പോൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. രക്ഷിതാക്കൾക്ക് ഇംഗ്ലീഷ് മീഡിയം കേന്ദ്ര സിലബസുകളോടുമുള്ള അമിത താൽപ്പര്യം പൊതു വിദ്യാലയങ്ങളോടുള്ള സമീപനത്തിൽ മാറ്റം വരാത്തതിന് കാരണമാകുന്നുണ്ട്.

(സി) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളുടെ സമ്പൂർണ്ണ വികസനം ലക്ഷ്യമിട്ട് കായികവും സമഗ്രവും, ഉള്ളടക്കം സമൃദ്ധവുമായ പാഠപുസ്തകങ്ങളിലൂടെയും മേഖലയിലെ പുതുക്കിയ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്ക് മികച്ച പരിശീലനം നൽകിയും വിദ്യാലയങ്ങളുടെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി പൊതു വിദ്യാഭ്യാസ മേഖല ആർഷകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളുമായി ബന്ധപ്പെടുന്നതിന് എം-ഗവേണൻസ്, സംസ്ഥാന ആരോഗ്യ വകുപ്പുമായി ചേർന്ന് പെൺകുട്ടികൾക്കായി ഷി ക്യാമ്പുകൾ സംഘടിപ്പിക്കൽ, ഒന്നാം വർഷ വി.എച്ച്.എസ്.ഇ. ക്ലാസ്സുകളിൽ കരിയർ സ്റ്റേറ്റ് സ്ഥാപിക്കൽ, കോഴ്സുമായി ബന്ധപ്പെട്ട് കമ്പനികൾ സന്ദർശിക്കൽ, വിവിധ കമ്പനികളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മേധാവികളുമായുള്ള മുഖാമുഖം പരിപാടി, സ്കൂൾതലത്തിൽ വിദ്യാർത്ഥികൾക്കായി വിദഗ്ധരെ ഉൾപ്പെടുത്തി കൊണ്ടുള്ള ഗ്രൂപ്പ് കൗൺസിലിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ 2015-2016 അദ്ധ്യയന വർഷത്തെ വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

അവശ്യ വസ്തുക്കളുടെ വിലക്കയറ്റം

17(*105) ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യ വസ്തുക്കളുടെ വിലക്കയറ്റം അതിരൂക്ഷമായി തുടരുന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) വിലവർദ്ധന തടയുന്നതിന് നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനം പാലിക്കപ്പെടാത്തതെന്തുകൊണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പൊതുവിപണിയിൽ ഇടപെടുന്നതിന് മതിയായ ഫണ്ട് സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ; കോർപ്പറേഷന് സർക്കാർ എന്ത് തുക കുടിശ്ശിക നല്കാനുണ്ടെന്ന് അറിയിക്കാമോ;

(ഡി) സപ്ലൈകോയുടെ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ വില വർദ്ധിക്കുകയുണ്ടായോ; 2011 മേയ് മാസത്തിനുശേഷം നാളിതുവരെ സബ്സിഡി സാധനങ്ങളുടെ വില എത്ര തവണ വർദ്ധിപ്പിച്ചുവെന്നും ഓരോന്നിനും എത്ര ശതമാനം വർദ്ധനയുണ്ടായെന്നും അറിയിക്കാമോ;

(ഇ) പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തി ഗുണമേന്മയുള്ള അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): (എ&ബി) ചില സാധനങ്ങൾക്ക് വിലക്കയറ്റം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ സാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വിലവർദ്ധനവുണ്ടായിട്ടുണ്ട്. എന്നിരുന്നാലും സപ്ലൈകോ വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതുമൂലം അവശ്യ സാധനങ്ങളുടെ വിലവർദ്ധന പിടിച്ചുനിർത്താൻ സാധിക്കുന്നുണ്ട്.

(സി) പൊതുവിപണിയിൽ ഇടപെടുന്നതിനായി സപ്ലൈകോയ്ക്ക് സർക്കാർ വിഹിതമായി ബജറ്റിൽ ഉൾപ്പെടുത്തുന്ന തുകയെക്കാൾ കൂടുതൽ തുക സിവിൽ സപ്ലൈസ് കോർപ്പറേഷന് അനുവദിക്കാറുണ്ട്.

(ഡി) സബ്സിഡി സാധനങ്ങളുടെ വിലനിലവാരം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കഴിഞ്ഞ ഒരു വർഷമായി സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല എന്നുമാത്രമല്ല പല സബ്സിഡി സാധനങ്ങളുടെയും വില കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) സപ്ലൈകോയുടെ ഔട്ട്ലെറ്റുകൾ വഴി ഗുണമേന്മയുള്ള അവശ്യ വസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly